**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 106** **10-06-2021 - ൽ മറുപടിയ്ക്ക്**

**ഭവനനിർമ്മാണ മേഖലയിലെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ. പി. ടി. തോമസ് ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | Shri. K. Rajan<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) | |
| (എ) | പാവപ്പെട്ടവരുടെ ഭവനസ്വപ്നം സാക്ഷാത്ക്കരിക്കുന്നതിന് അവരെ സഹായിക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ നടപ്പാക്കാൻ ഭവനനിർമ്മാണ ബോർഡിന് സാധിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട് പാവപ്പെട്ടവരുടെ ഭവന സ്വപ്നം സാക്ഷാത്ക്കരിക്കുന്നതിന് അവരെ സഹായിക്കുന്നതിനായി ഗൃഹശ്രീ ഭവന പദ്ധതി, ദുർബ്ബല/താഴ്ന്ന വരുമാന വിഭാഗക്കാർക്കായി 2020-21 സാമ്പത്തിക വർഷത്തിൽ കോഴിക്കോട് ജില്ലയിലെ മുക്കം (36 യൂണിറ്റ്), കണ്ണൂർ ജില്ലയിലെ പട്ടുവം (36 യൂണിറ്റ്), വയനാട് ജില്ലയിലെ തൃക്കൈപ്പറ്റ (18 വീട്) എന്നിവിടങ്ങളിൽ കെട്ടിട സമുച്ചയ നിർമ്മാണ പദ്ധതി, ഇന്നൊവേറ്റീവ് ഭവന പദ്ധതി, സാഫല്യം ഭവന പദ്ധതി, സൗഹൃദം വായ്പ്പാ പദ്ധതി മുതലായവ ബോർഡ് നടപ്പിലാക്കി വരുന്നു. ഇതിൽ സൗഹൃദം വായ്പ്പാ പദ്ധതി പ്രാരംഭ ഘട്ടത്തിലാണ്. |
| (ബി) | നിലവിൽ ഭവനനിർമ്മാണ ബോർഡ് ഏറ്റെടുത്ത് നടത്തുന്ന പ്രവർത്തനങ്ങൾ ഏതൊക്കെയാണ്; ഇതിന് ആവശ്യമായ സാമ്പത്തികസഹായം സർക്കാരിൽ നിന്നും ലഭിക്കുന്നുണ്ടോ; ആയതിനായി 2021-22 ബജറ്റിൽ എന്ത് തുകയാണ് വകയിരുത്തിയിട്ടുള്ളത്; | (ബി) | നിലവിൽ ഭവന നിർമ്മാണ ബോർഡ് സർക്കാർ ജീവനക്കാർക്കായുള്ള വാടക വീട് പദ്ധതി, മെഡിക്കൽ കോളേജുകളിൽ ചികിത്സ തേടുന്ന രോഗികൾക്കും അവരുടെ കൂട്ടിരിപ്പുകാർക്കുമായി ആശ്വാസ് വാടക വീട് പദ്ധതി, ദുർബ്ബല/താഴ്ന്ന വരുമാന വിഭാഗക്കാർക്കായുള്ള ഭവന പദ്ധതി, ഗൃഹശ്രീ ഭവന പദ്ധതി, ഇടത്തരവരുമാന വിഭാഗക്കാർക്ക് വേണ്ടി പാരസ്പര്യം പദ്ധതികൾ, വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പദ്ധതികൾ, കിഫ്ബി പദ്ധതികൾ (ഹോസ്പിറ്റൽ, റവന്യൂ ടവർ), സൗഹൃദം വായ്പ്പാ പദ്ധതി എന്നിവ കൂടാതെ വിവിധ വകുപ്പുകൾക്കായി കൺസൾട്ടൻസി വർക്കുകളും ബോർഡ് ഏറ്റെടുത്ത് നടത്തുന്നു. പ്ലാൻ പദ്ധതികൾക്കായി സർക്കാർ സാമ്പത്തിക സഹായം നൽകുന്നുണ്ട്. 2021-22 സാമ്പത്തിക വർഷത്തിൽ ഭവന നിർമ്മാണ ബോർഡ് നടപ്പിലാക്കാനുദ്ദേശിക്കുന്ന പത്തനംതിട്ട ജില്ലയിലെ റാന്നിയിൽ 3 നിലകളിലായി 81 കിടക്കകളുള്ള വർക്കിംഗ് വിമൻസ് ഹോസ്റ്റൽ നിർമ്മാണ പദ്ധതി, ദുർബ്ബല/താഴ്ന്ന വരുമാന വിഭാഗക്കാർക്കായി കൊല്ലം |

| | | | |
|---|---|---|---|
| | | | ജില്ലയിലെ കരീപ്രയിലും (36 ഫ്ലാറ്റുകൾ), ഇടുക്കി ജില്ലയിലെ പീരുമേട്ടും കെട്ടിട സമുച്ചയ നിർമ്മാണ പദ്ധതി (36 ഫ്ലാറ്റുകൾ) ഗൃഹശ്രീ ഭവന പദ്ധതി (1000 വീടുകൾ), കണ്ണൂർ മെഡിക്കൽ കോളേജിന് സമീപം നടപ്പിലാക്കുന്ന ആശ്വാസ് വാടക വീട് പദ്ധതി (3 നിലകളുള്ള 106 പേർക്ക് താമസ സൗകര്യമുള്ള കെട്ടിടം) ട്രെയിനിങ് പ്ലാൻ എന്നീ പദ്ധതികൾക്കായി ബഡ്ജറ്റിൽ 4350 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (സി) | പ്രകൃതിദുരന്തങ്ങളെ പ്രതിരോധിക്കുന്നതും പാരിസ്ഥിതിക സൗഹൃദപരവും ചെലവ് കുറഞ്ഞതുമായ വീടുകൾ ജനകീയമാക്കുന്നതിന് ബോർഡ് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (സി) | പ്രകൃതി ദുരന്തങ്ങളെ പ്രതിരോധിക്കുന്നതിന് ബോർഡ് ഇന്ത്യൻ കോഡുകൾ അനുശാസിക്കുന്ന എർത്ത് ക്വാക്ക് വിൻഡ് അനാലിസിസിനു വിധേയമായിട്ടുള്ള കെട്ടിടമാണ് രൂപകൽപ്പന ചെയ്യുന്നത്. ദുർബല വിഭാഗക്കാർക്കായി കോഴിക്കോട് ജില്ലയിലെ മുക്കം (36 യൂണിറ്റ്) കണ്ണൂർ ജില്ലയിലെ പട്ടുവം (36 യൂണിറ്റ്) എന്നിവിടങ്ങളിലും പ്രവാസികൾക്കായി കോഴിക്കോട് ജില്ലയിൽ മെഡിക്കൽ കോളേജ് ഭവന പദ്ധതിയിൽ 72 ഫ്ലാറ്റുകളടങ്ങുന്ന കെട്ടിടസമുച്ചയവും പാരിസ്ഥിതിക സൗഹൃദപരവും ചെലവ് കുറഞ്ഞതുമായ രീതിയിലാണ് വിഭാവനം ചെയ്തിരിക്കുന്നത്. പ്ലാസ്റ്ററിംഗ് ഒഴിവാക്കി ഹോളോ ക്ലേ ബ്ലോക്കുകളാൽ മണലിന്റെയും കമ്പിയുടെയും ഉപയോഗം പരമാവധി കുറയ്ക്കുന്ന നിർമ്മാണ രീതിയാണ് ടി പദ്ധതികളിൽ അവലംബിച്ചിട്ടുള്ളത്. |
| (ഡി) | പുതിയ ഹൗസിംഗ് പോളിസി കൊണ്ടുവരുവാൻ ആലോചിക്കുന്നുണ്ടോ; വിശദമാക്കുമോ? | (ഡി) | പാർപ്പിട നയം 2011 18/11/2011-ലെ സ.ഉ.(സാധാ)നം.35/2011/ഭവനം, പ്രകാരം അംഗീകരിച്ചിരുന്നു. പ്രസ്തുത നയം കാലാകാലങ്ങളിലെ മാറ്റങ്ങൾ ഉൾപ്പെടുത്തി പരിഷ്കരിക്കുന്നതിലേയ്ക്കായി സ.ഉ.(സാധാ)നം43/2018/ഭവനം, തീയതി 22/11/2018 പ്രകാരം ഭവന വകുപ്പ് ജോയിന്റ് സെക്രട്ടറി കൺവീനറായി ഒരു എട്ടംഗ സബ്കമ്മിറ്റിയും, സ.ഉ.(സാധാ)നം.44/2018/ഭവനം തീയതി 22/11/2018 പ്രകാരം ഭവന വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയെ ചെയർമാനായും ഹൗസിംഗ് കമ്മീഷണറെ കൺവീനറായും നിയമിച്ച് ഒരു എട്ടംഗ കമ്മിറ്റിയും രൂപീകരിച്ചിരുന്നു. പാർപ്പിട നയം പരിഷ്കരിക്കുന്നതിനുവേണ്ടി യോഗങ്ങളും ചർച്ചകളും സംഘടിപ്പിച്ചിരുന്നു. തുടർന്ന് ഹൗസിംഗ് കമ്മീഷണർ പാർപ്പിട നയത്തിന്റെ കരട് ലഭ്യമാക്കുകയും ആയത് ഫൈനലൈസ് ചെയ്യുന്നതിനു മുമ്പ് പ്ലാനിംഗ് ബോർഡിന്റെ അഭിപ്രായങ്ങൾ കൂടി പാർപ്പിട നയത്തിൽ ഉൾപ്പെടുത്തുവാൻ ഹൗസിംഗ് കമ്മീഷണർ അഭ്യർത്ഥിച്ചതിൻ പ്രകാരം |

| | | | |
|---|---|---|---|
| | | | തെരഞ്ഞെടുക്കപ്പെട്ട വിദഗ്ധരുടെ ഒരു വെബിനാർ സംഘടിപ്പിച്ച് ആവശ്യമായ അഭിപ്രായങ്ങൾ രണ്ടാഴ്ചയ്ക്കകം ലഭ്യമാക്കി പുതുക്കിയ പാർപ്പിട നയം രൂപീകരിക്കണമെന്ന് പ്ലാനിംഗ് ബോർഡ് വൈസ് ചെയർമാനോട് അഭ്യർത്ഥിച്ചിരുന്നു. പ്ലാനിംഗ് ബോർഡിൽ നിന്നും മറുപടി ലഭിച്ചിട്ടില്ലാത്തതിനാൽ ടി വിഷയവുമായി ബന്ധപ്പെട്ട് നിലവിലെ സ്ഥിതി അറിയിക്കുവാൻ ഹൗസിംഗ് കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| Sl. No | Head of Account | Purpose | Pland Fund (Amount in Lakhs) | Purpose | Non-Plan Fund (Amount in lakhs) |
|---|---|---|---|---|---|
| 1 | 2216-80-103-99(37) | Grihasree | 2000 | Grant in aid | 85.65 |
| 2 | 2216-80-103-99(43) | EWS/LIG Housing Scheme | 1300 | Working Journalist | 15 |
| 3 | 4216-80-201-97 | ASWAS Rental Housing Scheme | 600 | MLA/MP HOUSING Scheme | 10 |
| 4 | 2216-80-103-99(38) | Training Plan | 225 | | |
| 5 | 4216-80-201-98 | Working Women's Hostel (40% State Share), ie 225.20 (Toral Estimate 563 Lakhs) | 225 | | |
| | Total | | 4350 | Total | 110.65 |

Subha S